**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3391** **25-10-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ നെരുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ നെരുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ നെറുംകൈതക്കോട്ട ഭഗവതി ക്ഷേത്രം 1968 ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം ചട്ടം 4(1) പ്രകാരം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ക്ഷേത്രത്തിന്റെ റവന്യൂ വിശദാംശങ്ങളടങ്ങിയ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ നെറുംകൈതക്കോട്ട ഭഗവതി ക്ഷേത്രം 1968 ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം ചട്ടം 4(1) പ്രകാരം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലൂടെ ക്ഷേത്രത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ; | (സി) | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് 2 മാസത്തെ നോട്ടീസ് കാലയളവിൽ, ഇതു സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭ്യമാകുന്ന പക്ഷം ആയത് പരിശോധിച്ചശേഷം, പുരാവസ്തു വകുപ്പ് പ്രസ്തുത ക്ഷേത്രത്തെ പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന് ശേഷം 1968 ലെ ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി സ്മാരകത്തിന്റെ സംരക്ഷണ ജോലികൾ പുരാവസ്തു വകുപ്പിന് നിർവഹിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | പ്രസ്തുത ക്ഷേത്രത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി പുരാവസ്തു വകുപ്പ് സമർപ്പിക്കുന്ന പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതും, ആക്ഷേപങ്ങൾ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതും സർക്കാരിന്റെ ചുമതലയാണ്. |

സെക്ഷൻ ഓഫീസർ